**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1471** **07.06.2018 ൽ മറുപടിയ്ക്ക്**

**ചോദ്യം**
**ശ്രീ. പി.ടി. തോമസ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇതിനകം എത്ര ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ഭൂമി കൈമാറി; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്ത ഭൂമിയെ സംബന്ധിച്ച് വഴി സൗകര്യം ഇല്ലായെന്നും വീട് വയ്ക്കാൻ അനുയോജ്യമല്ലായെന്നും തുടങ്ങി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ടി ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇതിനകം 30723 ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറിയിട്ടുണ്ട്. |
| (ബി) | നിലവിൽ അർഹതയുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; അവർക്ക് ഭൂമി നൽകുന്നതിന് എത്ര ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്നും സർക്കാരിന്റെ കൈവശം നിലവിൽ ഇക്കാര്യത്തിനായി എത്ര ഭൂമിയുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2,91,757 അപേക്ഷകളാണ് ലഭിച്ചിരുന്നത്. ആയതിൽ നിന്നും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2,43,928 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ആയതിൽ 30723 പേർക്ക് ഭൂമി കൈമാറുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഏകദേശം 3240 ഹെക്ടർ ഭൂമി ആവശ്യമുള്ളതും നിലവിൽ 270 ഹെക്ടർ ഭൂമി ലഭ്യവുമാണ്. |

| | | |
|---|---|---|
| (സി) | വീട് വയ്ക്കുവാൻ അനുയോജ്യമായതും കുടിവെള്ളം ലഭ്യമാകുന്നതും , വഴി സൗകര്യവുമുള്ള സ്ഥലമാണോ ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്; | (സി) വീട് വയ്ക്കാൻ അനുയോജ്യമായ സ്ഥലമാണ് ടി പദ്ധതി പ്രകാരം നൽകി വരുന്നത്. വഴി സൗകര്യം ലഭ്യമാകാത്ത കേസുകളിൽ വഴി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | സർക്കാർ ഇതിനകം കണ്ടെത്തിയ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായുള്ള ഭൂമി ,ലൈഫ് പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ്സിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും വിവരങ്ങളും, കോർപ്പറേഷൻ / മുൻസിപ്പാലിറ്റി / ഗ്രാമ പഞ്ചായത്തിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവനരഹിതരുടെ പട്ടികയും അടിസ്ഥാന രേഖയായി പരിഗണിച്ചാണ് ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം തുകവകയിരുത്തിയിട്ടുമില്ല. ആയതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളതും ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനനുയോജ്യമായതുമായ ഭൂമി ടി ആവശ്യത്തിന് ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ